**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 21.10.2024**

# "കൈക്കൂലി-മുൻറവന്യൂ ഡിവിഷണൽ ഓഫീസറെ കഠിനതടവിന് ശിക്ഷിച്ചു."

എറണാകുളം ജില്ല മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറായിരുന്ന വി.ആർ മോഹനൻ പിള്ളയെ കൈക്കൂലി കേസ്സിൽ നാല് വർഷം തടവിനും 35000/- രൂപ പിഴ ഒടുക്കുന്നതിനും മൂവാറ്റുപുഴ വിജിലൻസ് കോടതി ശിക്ഷിച്ചു.

പരാതിക്കാരന്റെ വസ്തുവിൽ മതിൽ കെട്ടിയ അവസരത്തിൽ മൂവാറ്റുപുഴ റവന്യൂ ഡിവിഷൽ ഓഫീസറായിരുന്ന വി.ആർ മോഹനൻ പിള്ള സ്ഥലത്ത് പോയി പ്രസ്തുത വസ്തു നിലമാണെന്ന് കാണിച്ച് റിപ്പോർട്ട് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി അതൊഴിവാക്കുന്നതിന് കൈക്കൂലി ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 50000/രൂപ കൈക്കൂലി വാങ്ങവേയാണ് 2016-ൽ പ്രതി വിജിലൻസ് പിടിയിലായത്. ഈ കേസ്സിലാണ് വിവിധ വകുപ്പുകളിലായി നാല് വർഷം കഠിന തടവിനും 35000/- രൂപ പിഴ ഒടുക്കുന്നതിനും വിജിലൻസ് കോടതി ശിക്ഷിച്ചത്.

വിചാരണ മദ്ധ്യേ പരാതിക്കാരൻ കൂറ് മാറിയിരുന്നു.പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. സരിത.വി.എ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ജനങ്ങളോട് അഭ്യർത്ഥിച്ചു.